മുദ്രകൾ

# 'സിറിയൻ-ഇറാനിയൻ-സുഊദി ധാരണ രൂപപ്പെടണം'



■ അഭിമുഖം

ഫൈസൽ മൗലവി

**ലബനാൻ ഒരു ആഭ്യന്തര യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെടുകയാണോ? കഴിഞ്ഞ ജനുവരിയിൽ ലബനാനിലെ ഇസ്‌ലാമിക പ്രസ്ഥാനമായ അൽജമാഅ അൽ ഇസ്‌ലാമിയ്യയുടെ സെക്രട്ടറി ജനറലായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ഫൈസൽ മൗലവി സംസാരിക്കുന്നു**

**ചോ:** ഇപ്പോഴത്തെ ലബനീസ് പ്രതിസന്ധിയെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?

**ഉ:** സിറിയൻ സൈന്യം ലബനാനിൽനിന്ന് പിൻമാറിയ ശേഷം ഇവിടത്തെ രാഷ്ട്രീയ കക്ഷികളുടെ ശാക്തികസന്തുലനത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. അതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് വഴിവെച്ചത്. 1989-ലെ ത്വാഇഫ് ഉടമ്പടി പ്രകാരമാണ് ലബനാനിലെ ആഭ്യന്തരയുദ്ധങ്ങൾക്ക് ശമനമുണ്ടായത്. തുടർന്ന് സിറിയൻ സേന ലബനാനിൽ നിലയുറപ്പിച്ചു. അടുത്ത കാലത്ത് ലബനാനിൽനിന്ന് പിന്മാറാൻ സിറിയൻ സൈന്യത്തിന്റെ മേൽ കനത്ത സമ്മർദമുണ്ടായി; ഇതിനിടക്കാണ് സിറിയൻവിരുദ്ധനായി അറിയപ്പെടുന്ന റഫീഖുൽ ഹരീരി വധിക്കപ്പെടുന്നത്.

സമ്മർദങ്ങൾക്ക് വഴങ്ങി സിറിയക്ക് തങ്ങളുടെ മുഴുവൻ സൈന്യത്തെയും ലബനാനിൽനിന്ന് പിൻവലിക്കേണ്ടിവന്നു. ഹിസ്ബുല്ലയും അമൽ പാർട്ടിയും ഭരണത്തിൽ പങ്കാളികളായിരുന്നു. കഴിഞ്ഞ ജൂലൈയിൽ ലബനാനു നേരെ ഇസ്രയേൽ ആക്രമണമുണ്ടായപ്പോൾ അമലും ഹിസ്ബുല്ലയും ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചു. എന്നാലും പാർലമെന്റിൽ അമ്പത്തിയഞ്ച് ശതമാനത്തിന്റെ പിന്തുണയുണ്ട് ഭരണമുന്നണിക്ക്. അതിനാൽ ഭരണം മുന്നോട്ടു കൊണ്ടുപോകാൻ സാങ്കേതിക തടസ്സങ്ങളില്ല.

പക്ഷേ, ലബനാനിൽ ഭരണസംവിധാനം അക്ഷരാർഥത്തിൽ തകർന്നിരിക്കുന്നു. ഭരണകക്ഷിക്ക് പാർലമെന്റിൽ ഭൂരിപക്ഷമുണ്ടെങ്കിലും സ്പീക്കർ എതിർപക്ഷത്താണ്. നാല് ശീഈ മന്ത്രിമാരും ഒരു ക്രിസ്ത്യൻ മന്ത്രിയും ഇതിനകം രാജിവെക്കുകയും ചെയ്തിരിക്കുന്നു. ലബനീസ് സമൂഹം നെടുകെ പിളർന്ന പോലെയാണ് അനുഭവപ്പെടുന്നത്. ഇരുവിഭാഗങ്ങളും പ്രതിഷേധ സമരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അടുത്ത സെപ്റ്റംബറിലാണ് നിലവിലെ പ്രസിഡന്റ് ലാഹൂദിന്റെ കാലാവധി അവസാനിക്കുന്നത്. അതുവരെയെങ്കിലും ഈ പ്രതിസന്ധി തുടരുമെന്ന് കരുതണം. എങ്കിലും ഇത് മുമ്പത്തെപ്പോലെ ഒരു ആഭ്യന്തരയുദ്ധത്തിലേക്ക് നീങ്ങുമെന്ന് തോന്നുന്നില്ല. ഒരു കക്ഷിയും അത്തരമൊരു അവസ്ഥ ആഗ്രഹിക്കുന്നില്ല എന്നതാണ് കാരണം.

**ചോ:** പ്രശ്നത്തിൽ താങ്കളുടെ പാർട്ടിയുടെ നിലപാടെന്താണ്?

**ഉ:** റഫീഖ് ഹരീരി വധം അന്താരാഷ്ട്ര കോടതിയിൽ വിചാരണ ചെയ്യണമെന്നാണ് ഭരണകൂടത്തോടൊപ്പമുള്ള പാർട്ടികളുടെ നിലപാട്. ഹിസ്ബുല്ല ഉൾപ്പെടെയുള്ള സിറിയൻ അനുകൂല സംഘടനകൾ ഇതിനെ എതിർക്കുന്നു. അമേരിക്കയുടെയും സയണിസ്റ്റുകളുടെയും താൽപര്യ സംരക്ഷകരാണ് നിലവിലുള്ള ഭരണകൂടം എന്നും പ്രതിപക്ഷത്തിന് അഭിപ്രായമുണ്ട്. ഇതിൽ ഏതെങ്കിലുമൊരു വിഭാഗത്തിന്റെ വാദഗതികളെ ഇസ്‌ലാമിക പ്രസ്ഥാനം അപ്പാടെ അംഗീകരിക്കുന്നില്ല. അതേസമയം മുഖ്യപ്രശ്നങ്ങളിൽ ഇരുപക്ഷത്തിന്റെയും അഭിപ്രായങ്ങളെ മാനിക്കുകയും ചെയ്യുന്നു. ഇരുവിഭാഗത്തിനും പരസ്പര വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. അത് വീണ്ടെടുക്കാനും ഇരുവരെയും പങ്കെടുപ്പിച്ച് കൂട്ടായ ചർച്ചകളിലൂടെ പരിഹാരമാർഗങ്ങൾ ഉരുത്തിരിച്ചെടുക്കാനുമാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ശ്രമം. സയണിസ്റ്റ് കടന്നാക്രമണങ്ങളെ പ്രതിരോധിക്കാൻ ലബനീസ് സമൂഹം ഒറ്റക്കെട്ടായി നിന്നേ മതിയാവൂ.

അടുത്ത് നടക്കാനിരിക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പാണ് ഭരണഘടനാ പ്രതിസന്ധിയുണ്ടാക്കുന്ന ഒരു പ്രശ്നം. ഭരണകക്ഷിക്ക് പാർലമെന്റിൽ 55 ശതമാനം സീറ്റുകൾ ഉണ്ടെങ്കിലും അവർ വിചാരിച്ചാൽ മാത്രം ഒരാളെ പ്രസിഡന്റാക്കാനാവുകയില്ല. കാരണം പ്രസിഡന്റിന് മൂന്നിൽ രണ്ട് ഭാഗം എം.പിമാരുടെ അംഗീകാരം വേണം. അപ്പോൾ ഇരുപക്ഷത്തിനും സമ്മതനായ ഒരാൾ പ്രസിഡന്റാവുകയേ നിവൃത്തിയുള്ളൂ. അങ്ങനെയുള്ള ഒരാൾക്ക് ഇരുപക്ഷത്തിനുമിടയിൽ ഒരു മധ്യവർത്തിയുടെ റോളിൽ പ്രവർത്തിക്കാനും കഴിയും.

**ചോ:** ഇസ്രയേൽ ആക്രമണങ്ങളെ വിജയകരമായി ചെറുത്ത ഹിസ്ബുല്ല വൻ ജനസ്വീകാര്യത നേടിയിരുന്നുവല്ലോ?

**ഉ:** പ്രതിപക്ഷം കുത്തിയിരിപ്പ് സമരം തുടങ്ങിയതോടെ അവരുടെ ജനസമ്മതി കുറയുകയാണ് ചെയ്തത്. ഹിസ്ബുല്ലയുടെ ജനസമ്മതിക്ക് കാര്യമായ കോട്ടമൊന്നും ഉണ്ടായിട്ടുമില്ല. പക്ഷേ, സുന്നീ, ക്രൈസ്തവ വിഭാഗങ്ങൾക്കിടയിൽ പ്രതിപക്ഷത്തോടുള്ള മതിപ്പ് കുറയുകയാണ്.

**ചോ:** ആർക്കാണ് ഈ പ്രശ്നം പരിഹരിക്കാനാവുക?

**ഉ:** ദേശീയ തലത്തിൽ രണ്ടു പേരാണ് അതിന് മുൻകൈയെടുക്കേണ്ടത്. ഭരണമുന്നണിയായ 'അൽ മുസ്തഖ്ബലി'ന്റെ അധ്യക്ഷനും റഫീഖ് ഹരീരിയുടെ പുത്രനുമായ സഅ്ദുദ്ദീൻ അൽഹരീരിയും ഹിസ്ബുല്ലയുടെ സെക്രട്ടറി ജനറൽ ഹസൻ നസ്റുല്ലയും. ഹരീരി വധത്തിൽ അന്താരാഷ്ട്ര കോടതി ഇടപെടണമെന്ന് സഅദ് വാശിപിടിക്കുമ്പോൾ, അതിനെ ഏതു നിലക്കും ചെറുക്കുകയാണ് നസ്റുല്ല. ലബനാനിലെ ഏതാണ്ടെല്ലാ കക്ഷികളെയും ഇവർ സ്വന്തം പക്ഷങ്ങളിലേക്ക് വീതിച്ചെടുക്കുകയും

യ്തിരിക്കുന്നു. ഇവർക്കിടയിൽ ഒരു മധ്യസ്ഥൻ ഇല്ലാത്തതുകൊണ്ട് പരസ്പര അവിശ്വാസം വർധിക്കുന്നു.

സുഊദി അറേബ്യക്കും ഇറാനുമാണ് മധ്യസ്ഥരുടെ റോൾ നന്നായി ചേരുക. ഇരുവർക്കും ലബനീസ് പ്രശ്നത്തിൽ പ്രത്യേക താൽപര്യവുമുണ്ട്. ഫലസ്തീൻ ഐക്യസർക്കാർ രൂപീകരിക്കുന്നതിൽ സുഊദി അറേബ്യ വഹിച്ച നേതൃത്വപരമായ പങ്ക് ലബനാനികളിൽ വളരെ പ്രതീക്ഷയുണർത്തിയിട്ടുണ്ട്. സൈന്യത്തെ പിൻവലിച്ചെങ്കിലും ലബനാൻ രാഷ്ട്രീയത്തിൽ സിറിയ ഇപ്പോഴും അവഗണിക്കാനാവാത്ത ഒരു സ്വാധീനശക്തിയാണ്. ഹിസ്ബുല്ലയും സിറിയയും തമ്മിൽ നല്ല അടുപ്പത്തിലാണ്. ചുരുക്കത്തിൽ ഒരു സിറിയൻ-ഇറാനിയൻ-സുഊദി ധാരണക്കാണ് പ്രശ്നപരിഹാരത്തിലേക്ക് വഴിതുറക്കാനാവുക.

**ചോ:** ലബനീസ് പ്രശ്നത്തിൽ താങ്കളുടെ സംഘടനയിൽ വിരുദ്ധാഭിപ്രായങ്ങൾ നിലനിൽക്കുന്നതായി ആരോപണമുണ്ടല്ലോ. സംഘടനയുടെ മുൻ സെക്രട്ടറി ജനറൽ ഡോ. ഫത്ഹീയകന്റെ നിലപാടിനെക്കുറിച്ച് എന്തു പറയുന്നു?

**ഉ:** ഈ പ്രശ്നത്തിൽ സംഘടനക്കകത്ത് - അണികളിലും നേതാക്കളിലും- യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. മുൻ സെക്രട്ടറി ജനറൽ ഫത്ഹീയകൻ വളരെക്കാലമായി പല കാര്യങ്ങളിലും സംഘടനയുമായി ഭിന്നാഭിപ്രായം പുലർത്തുന്നുണ്ട്. സംഘടനയുടെ നേതൃത്വത്തിൽനിന്ന് അദ്ദേഹം ഒഴിവാക്കപ്പെടാനും ഒന്നിലധികം കാരണങ്ങളുണ്ട്. പ്രതിപക്ഷത്തെ പിന്തുണക്കുന്ന നിലപാടാണ് അദ്ദേഹത്തിന്റേത്. തന്റേതായ ഒരു കൂട്ടായ്മക്കും അദ്ദേഹം രൂപം നൽകിയിട്ടുണ്ട്. എങ്കിലും ഫത്ഹീയകനോടും അദ്ദേഹത്തിന്റെ ഗ്രൂപ്പിനോടും ഒട്ടും ശത്രുതാപരമല്ലാത്ത നിലപാടാണ് സംഘടന കൈക്കൊണ്ടിരിക്കുന്നത്.

(ഇഖ്‌വാൻ വെബിൽനിന്ന്) ■

# ഫ്രഞ്ച് സമൂഹത്തിലെ മുസ്‌ലിം സാന്നിധ്യം

**ഫ്രഞ്ച്** ഭാഷയിൽ അടുത്ത കാലത്ത് പ്രസിദ്ധീകൃതമായ ആധികാരിക ചരിത്രരേഖയാണ് 'ഫ്രാൻസിലെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ചരിത്രം' എന്ന കൃതി. 1250 പേജുള്ള പുസ്തകത്തിൽ ഫ്രഞ്ചുകാരായ എഴുപത് ഗവേഷകരും ചരിത്രകാരന്മാരും അണിനിരക്കുന്നുണ്ട്. ഇത് എഡിറ്റ് ചെയ്തത് ഗവേഷകനായ മുഹമ്മദ് അർകൂൻ ആണ്. അവതാരിക എഴുതിയിരിക്കുന്നത് ആധുനിക ഫ്രാൻസിലെ ഏറ്റവും പ്രശസ്തനായ ചരിത്രകാരൻ എന്ന് വിശേഷിപ്പിക്കാവുന്ന ജാക് ലി ഗോഫ്. ഫ്രാൻസിലെ ഒന്നാംകിട പ്രസാധനാലയങ്ങളിലൊന്നായ 'അൽബൻ മിഷൽ' പ്രസിദ്ധീകരിച്ചുവെന്നത് പുസ്തകത്തിന്റെ പ്രചാരത്തിന് സഹായകമാവും.

ഫ്രാൻസും ഇസ്‌ലാമും മുസ്‌ലിംകളും തമ്മിലുള്ള ചരിത്രപരമായ ബന്ധങ്ങൾ ആഴത്തിൽ പരിശോധിക്കുകയാണിവിടെ. ആ ചരിത്രത്തിൽ നിരവധി ഏറ്റുമുട്ടലുകളും സംഘർഷങ്ങളുമുണ്ടായിട്ടുണ്ട്. ആ പഴയ മുറിവുകളെ മാന്തിപ്പൊളിക്കാനല്ല കൃതി തയാറാക്കിയതെന്ന് അവതാരികയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇണക്കത്തിന്റെയും സൗഹൃദത്തിന്റെയും തലങ്ങൾ അന്വേഷിച്ചുകൊണ്ട് ഇരു സംസ്കാരങ്ങൾക്കും എങ്ങനെ ഒന്നിച്ച് കഴിയാനാവുമെന്ന് പഠിക്കുകയാണ്.

ഫ്രഞ്ച്-മുസ്‌ലിം ബന്ധങ്ങളെ പ്രതിനിധീകരിക്കുന്ന ആറ് ചിത്രങ്ങൾ പുറംചട്ടയിൽ കൊടുത്തിട്ടുണ്ട്. സ്പെയിൻ കടന്നുള്ള മുസ്‌ലിം മുന്നേറ്റത്തെ തെക്കൻ ഫ്രാൻസിൽ വെച്ച് ഫ്രഞ്ച് ചക്രവർത്തി ഷാറൽ മാർട്ടിൽ തടഞ്ഞുനിർത്തുന്നതും തോൽപിക്കുന്നതും ചിത്രീകരിക്കുന്ന രംഗമാണ് ഒന്ന്. അൾജീരിയയിൽ ഫ്രഞ്ച് കൊളോണിയലിസത്തിനെതിരെ പൊരുതിയ അബ്ദുൽ ഖാദിർ ജസാഇരി, ഒന്നാം ലോകയുദ്ധത്തിൽ ഫ്രഞ്ച് സേനയിലുണ്ടായിരുന്ന മുസ്‌ലിം സൈനികർ, ഒരു ഫ്രഞ്ച് ചിത്രകാരൻ വരച്ച രണ്ട് അറബി സ്ത്രീകളുടെ എണ്ണഛായാചിത്രം, ഫ്രാൻസിലെ മൂന്നാം മൊറോക്കൻ തലമുറയിൽ പെടുന്ന ഒരു പെൺകുട്ടി, ഫ്രഞ്ച് തുറമുഖത്ത് പ്രവാസികളായി വന്നിറങ്ങുന്ന ഒരു അറബി പിതാവും പുത്രനും- ഈ ചിത്രങ്ങൾ വലിയൊരു ചരിത്രഖണ്ഡത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

പ്രശസ്ത ഫുട്ബോളർ സൈനുദ്ദീൻ സൈദാൻ, കൊമേഡിയൻ ജമാൽ ദബൂസ്, കറുത്ത വർഗക്കാരനായ ഗായകൻ അബ്ദുൽ മാലിക് തുടങ്ങിയവരെക്കുറിച്ച് പ്രത്യേകം കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള ഫ്രഞ്ച്സമൂഹത്തിന്റെ സന്നദ്ധതയായി അത്തരം കാര്യങ്ങൾ വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. ഫ്രഞ്ച്/മുസ്‌ലിം ചരിത്രത്തെ നിഷേധാത്മകമായി സമീപിക്കുന്നവരും




ഫ്രാൻസിന്റെ മുഖ്യധാരയിൽ തന്നെയുണ്ട്. അറബ്കുടിയേറ്റ വിരുദ്ധത മുഖ്യ അജണ്ടയായി സ്വീകരിച്ച ലീ പെൻ നേതൃത്വം നൽകുന്ന തീവ്ര വലതുപക്ഷ കക്ഷി, മുസ്‌ലിം സൈന്യത്തെ തോൽപിച്ച ഷാറൽ മാർട്ടിൻ ചക്രവർത്തിയെ ആദർശപുരുഷനായി ഉയർത്തിക്കാട്ടി വംശീയ വിദ്വേഷത്തിന് മൂർച്ച കൂട്ടുന്നു. 'ഫ്രാൻസ് ഇസ്‌ലാമികവത്കരിക്കപ്പെടുകയാണ്' എന്ന് കള്ളപ്രചാരണം നടത്താനും തുടങ്ങിയിരിക്കുകയാണ് വലതുപക്ഷ കക്ഷികൾ. ചരിത്രം വിശകലനം ചെയ്യുന്നതോടൊപ്പം ഫ്രാൻസിലെ സമകാലിക മുസ്‌ലിംസമൂഹം അഭിമുഖീകരിക്കുന്ന ഇത്തരം പ്രശ്നങ്ങളെയും കൈകാര്യം ചെയ്യുന്നു എന്നതാണ് പുസ്തകത്തിന്റെ സവിശേഷത.

# സ്വേഛാധിപതികൾക്ക് പുതിയ ഭീഷണി

**മൊബൈൽ** കാമറ, ബ്ലോഗ്, യൂട്യൂബ്.... പൗരന്റെ അറിയാനും അറിയിക്കാനുമുള്ള സ്വാതന്ത്ര്യത്തിന്റെ മേൽ ഭരണകൂടങ്ങൾ വെച്ചുകെട്ടുന്ന സകല വിലക്കുകളെയും അപ്രസക്തമാക്കിക്കൊണ്ടിരിക്കുകയാണ് സാങ്കേതികവിദ്യയുടെ ഏറ്റവും നവീനമായ ഈ മൂന്ന് ഉൽപന്നങ്ങൾ. സദ്ദാം ഹുസൈന്റെ അന്ത്യരംഗങ്ങൾ ശബ്ദസഹിതം പകർത്തിയത് കട്ടുകടത്തിയ ഒരു മൊബൈൽ കാമറയായിരുന്നു. തന്റെ അഭിപ്രായങ്ങളും അഭിരുചികളും രാഷ്ട്രീയാഭിമുഖ്യങ്ങളും ഒരാൾക്ക് ഇന്റർനെറ്റിൽ നിക്ഷേപിക്കണമെങ്കിൽ അയാൾ അതിൽ ഒരു ബ്ലോഗ് (Blog) തുടങ്ങുകയാണ് ചെയ്യുക. ഒരു മിനി സൈറ്റാണിത്. മറ്റുള്ളവർക്ക് അഭിപ്രായമെഴുതാനും ഇതിൽ കോളം ഒഴിച്ചിട്ടിരിക്കും. കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച 'കണ്ടുപിടിത്ത'മായി *ടൈം* വാരിക യൂട്യൂബി(www.youtube.com)നെയാണ് തെരഞ്ഞെടുത്തത്. ഇതൊരു സർവതന്ത്ര സ്വതന്ത്ര സൈറ്റാണ്. ഏത് സന്ദർശകനും ഇതിൽ തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താം. താൻ രഹസ്യമായി പകർത്തിയ വീഡിയോ ചിത്രങ്ങൾ ഇതിൽ പോസ്റ്റ് ചെയ്യാം. ലോകതലത്തിൽ തന്നെ ഏറ്റവുമധികം സന്ദർശിക്കപ്പെടുന്ന ഒരു സൈറ്റായതുകൊണ്ട് യൂട്യൂബിൽ വന്ന വാർത്തകളും ചിത്രങ്ങളും നിമിഷംകൊണ്ട് നാടാകെ പാട്ടാകും.

അറബ്‌ലോകത്ത് ഈ മൂന്നും അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ചിഹ്നങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. അറബ്‌രാജ്യങ്ങളിൽ നടക്കുന്ന രാഷ്ട്രീയ പീഡനങ്ങൾ പുറംലോകമറിയുന്നത് ഇപ്പോൾ കാര്യമായും ബ്ലോഗുകളിലൂടെയാണ്. ഈജിപ്തിൽ നാൽപത് പ്രമുഖ ഇഖ്‌വാൻ നേതാക്കളെ കള്ളക്കഥകൾ ആരോപിച്ച് സൈനിക കോടതിക്ക് കൈമാറിയപ്പോൾ ഒരു ബ്ലോഗ് പ്രത്യക്ഷപ്പെട്ടു -ensaa.blogspot.com. നാൽപതു നേതാക്കളുടെയും വിശദമായ ജീവചരിത്രക്കുറിപ്പുകൾ ഇതിൽ ചേർത്തിട്ടുണ്ട്. ഭരണകൂടം ആരോപിക്കുന്ന ഓരോ ആരോപണത്തിന്റെയും പൊള്ളത്തരം തുറന്നുകാണിക്കുന്നു. അഭിപ്രായം രേഖപ്പെടുത്താൻ സന്ദർശകരെ ക്ഷണിക്കുന്നു.

സൈനിക കോടതിയിൽ വിചാരണ നേരിടുന്ന മുതിർന്ന ഇഖ്‌വാൻ നേതാവാണ് ഖൈറാത്ത് അൽശാത്വിർ. അദ്ദേഹത്തിന്റെ മക്കൾ തുടങ്ങിയ ബ്ലോഗാണ് khirat-elshater.blogspot.com. പലതവണ അറസ്റ്റ് ചെയ്യപ്പെടുകയും തെളിവുകളില്ലാത്തതിനാൽ കോടതി വെറുതെ വിടുകയും ചെയ്ത തങ്ങളുടെ പിതാവിനെ സൈനിക കോടതിക്ക് കൈമാറിയ നടപടിയെ രൂക്ഷമായി ചോദ്യം ചെയ്യുകയാണ് അവർ. പാശ്ചാത്യ സന്ദർശകർക്ക് ഈജിപ്തിലെ ഭീകരവാഴ്ചയെക്കുറിച്ച് വിവരങ്ങൾ കൈമാറുകയാണ് ഇംഗ്ലീഷിലുള്ള river-nile.blogspot.com.

ഏറ്റവും ഒടുവിലത്തെ സംഭവമാണ് അൽഅസ്ഹർ സർവകലാശാലയിൽ വിദ്യാർഥിയായിരുന്ന കരീം ആമിറിന്റെ അറസ്റ്റ്. അൽഅസ്ഹറിനെയും ഇസ്‌ലാമിസ്റ്റുകളെയും പ്രസിഡന്റ് ഹുസ്നി മുബാറകിനെയും രൂക്ഷമായി വിമർശിച്ചുകൊണ്ട് ബ്ലോഗിൽ എഴുതി എന്നതാണ് കുറ്റം. അദ്ദേഹത്തെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബ്ലോഗ് സന്ദേശങ്ങൾ പ്രവഹിക്കുകയാണ്.

ഇഖ്‌വാനികൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ana-ikhwan.blogspot.com ആണ്. അറസ്റ്റിനെക്കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ ഇതിൽ ലഭ്യമാണ്. ഈ പുതിയ ഭീഷണിയെ എങ്ങനെ നേരിടണമെന്ന് അറിയാതെ തലപുകക്കുകയാണ് അറബ് സ്വേഛാധിപതികൾ. ■